ഒരു പിതാവും മകളും
തമ്മിലുള്ള ബന്ധത്തിന്റെ
മനോഹാരിത തീവ്രമായി
അനുഭവിപ്പിക്കുന്ന Miracle in
Cell no 7 എന്ന കൊറിയൻ
സിനിമയെക്കുറിച്ച്...

# ഏഴാം നമ്പർ തടവുമുറിയിലെ അൽഭുതങ്ങൾ

• മുസാഫിർ




*സിനിമയുടെ പോസ്റ്റർ*

കോടതിയിൽ ഒരു വാദം നടക്കുകയാണ്. യാസിങ്കയുടെ പിതാവ് ലീയുങ് ഒരു കുട്ടിയെ കൊന്നു എന്നതാണ് കേസ്. ലീയുങിനു വേണ്ടി വാദിക്കുന്നത് മകൾ യാസിങ്ക തന്നെയാണ്. കോടതിയുടെ വാദം കേൾക്കാനാകട്ടെ ലീയുങ് ഇന്ന് ജീവിച്ചിരിപ്പില്ല. തടവറയിൽ വെച്ച് അദ്ദേഹം മരണപ്പെട്ടിരുന്നു.

കേസിനാസ്പദമായ സംഭവം നടക്കുന്നത് യാസിങ്കക്ക് ഏഴു വയസ്സുള്ളപ്പോഴാണ്. അവളുടെ അബ്ബ ലീയുങിന് മാനസിക വളർച്ച കുറവായിരുന്നു. അമ്മ നേരത്തേ മരണപ്പെട്ടിരുന്നു. മിടുക്കിയായ യാസിങ്കയാണ് വീട്ടിലെ കാര്യങ്ങളെല്ലാം നോക്കിയിരുന്നത്. അന്ന് യാസിങ്കയും അച്ഛനും ഒരു ബാഗ്ഷോപ്പിൽ പോയതായിരുന്നു. എന്നും കാണുന്ന സെയിലർ മൂൺ ബാഗ് വാങ്ങിത്തരുമോ എന്ന് അച്ഛനോട് ചോദിച്ചു. ബാഗ് വാങ്ങാൻ അബ്ബ പണവുമായെത്തിയപ്പോഴേക്കും ഒരു പോലീസ് ചീഫ് ഓഫീസർ അത് തന്റെ മകൾക്കായി വാങ്ങിക്കഴിഞ്ഞിരുന്നു. ആ കടയിൽ അവശേഷിച്ച ഏക ബാഗ് കൂടിയായിരുന്നു അത്. ഓഫീസറുടെ അടുക്കലെത്തി തന്റെ മകൾക്ക് ബാഗ്

◆◆ ഇന്ത്യയിലെ ആദ്യ വനിതാ അഡ്വക്കേറ്റ്– കോർണേലിയ സൊറാബ്ജി



*ലീയുങ്ങും മകളും സിനിമയിലെ ഒരു രംഗം*

നൽകണമെന്നാവശ്യപ്പെട്ട ലീയുങ്ങിനെ പോലീസ് ഓഫീസർ പൊതിരെ തല്ലി.

അടുത്ത ദിവസം ഓഫീസറുടെ മകളെ ലീയുങ് വഴിയിൽ വെച്ച് കണ്ടു. മറ്റൊരു ഷോപ്പിൽ സെയിലർ മൂൺ ബാഗുണ്ടെന്നും അത് കാണിച്ച് തരാമെന്നും അവൾ പറഞ്ഞു. പോകുന്ന വഴിയിൽ ഐസ് കഷ്ണത്തിൽ തെന്നി അവൾ തലയടിച്ച് വീണു.

പരിഭ്രാന്തനായി പലരെയും ലീ സഹായത്തിന് വിളിച്ചെങ്കിലും ആരുമെത്തിയില്ല. അവൾ അങ്ങനെ മരണപ്പെടുകയാണ്.

ഓഫീസറോടുള്ള പ്രതികാരമായി ലീയുങ് അവളെ കൊന്നതാണെന്ന് പറഞ്ഞ് പോലീസ് അയാളെ അറസ്റ്റ് ചെയ്തു. ഇതൊന്നുമറിയാതെ സ്കൂൾ വിട്ട് വന്ന യാസിങ്ക അബ്ബയെ കാത്തിരിപ്പായി. അടുത്ത ദിവസം അബ്ബയെ തെളിവെടുപ്പിന് കൊണ്ടുവന്നപ്പോഴാണ് അവൾ കാര്യമറിയുന്നത്. അവൾ വാവിട്ടു കരഞ്ഞു.

തന്റെ അച്ഛൻ നിരപരാധിയാണെന്ന് തെളിയിക്കാനുള്ള മകളുടെ പോരാട്ടമാണ് ഈ സുന്ദരമായ സിനിമയിൽ നാം കാണുന്നത്. ഒടുവിൽ ലീ നിരപരാധിയാണെന്ന് ജഡ്ജി വിധിക്കുന്നു. തന്റെ അച്ഛൻ തെറ്റുകാരനല്ല എന്ന് തെളിയിക്കാനുള്ള ഒരു മകളുടെ ത്യാഗം ആരുടെയും കണ്ണ് നനയിക്കും. ആറു വർഷം മുമ്പ് പുറത്തിറങ്ങിയ ഈ സിനിമ 12 മില്യൺ പേർ കണ്ടു. സംവിധായകൻ ലീ ഹാൻക്യൂങ് ആണ്. വിവിധ ചലച്ചിത്രമേളകളിലായി ധാരാളം അവാർഡുകൾ നേടിയ ചിത്രമാണ് miracle in cell no 7.

◈

## പല്ലുണ്ട് ചവയ്ക്കില്ല

ധാരാളം പല്ലുണ്ടെങ്കിലും മുതലകൾക്ക് ആഹാരം ചവച്ചരയ്ക്കാൻ കഴിവില്ല. ഭക്ഷണം കഴിക്കുമ്പോൾ വിഴുങ്ങാനേ മുതലയ്ക്ക് പറ്റൂ.

